**HADIA CSE Khutba Notes (14.02.2020)**

# കൊറോണയെ വിശ്വാസികൾ എങ്ങനെ വായിക്കണം?

ഭൗതികലോകത്തിന്റെ നശ്വരത, അതിന്റെ അനിശ്ചിതാവസ്ഥ, മനുഷ്യന്റെ ബലഹീനത; ഇത്യാദി ആശയങ്ങളെ ആവർത്തിച്ച് പ്രകാശിപ്പിക്കുന്ന നിരവധി സന്ദർഭങ്ങൾ ഖുർആനിലും ഹദീസിലും മുൻഗാമികളുടെ ജീവിതചര്യകളിലും നമുക്ക് എമ്പാടും കാണാൻ കഴിയും. ഉദാഹരണത്തിന് ദുൻയാവിനെ അല്ലാഹു വിശേഷിപ്പിക്കുന്നത് നോക്കൂ!

**إِنَّمَا مَثَلُ الْحَيَاةِ الدُّنْيَا كَمَاءٍ أَنْزَلْنَاهُ مِنَ السَّمَاءِ فَاخْتَلَطَ بِهِ نَبَاتُ الْأَرْضِ مِمَّا يَأْكُلُ النَّاسُ وَالْأَنْعَامُ حَتَّى إِذَا أَخَذَتِ الْأَرْضُ زُخْرُفَهَا وَازَّيَّنَتْ وَظَنَّ أَهْلُهَا أَنَّهُمْ قَادِرُونَ عَلَيْهَا أَتَاهَا أَمْرُنَا لَيْلًا أَوْ نَهَارًا فَجَعَلْنَاهَا حَصِيدًا كَأَنْ لَمْ تَغْنَ بِالْأَمْسِ كَذَلِكَ نُفَصِّلُ الْآيَاتِ لِقَوْمٍ يَتَفَكَّرُونَ (يونس)**

**وَاضْرِبْ لَهُمْ مَثَلَ الْحَيَاةِ الدُّنْيَا كَمَاءٍ أَنْزَلْنَاهُ مِنَ السَّمَاءِ فَاخْتَلَطَ بِهِ نَبَاتُ الْأَرْضِ فَأَصْبَحَ هَشِيمًا تَذْرُوهُ الرِّيَاحُ وَكَانَ اللَّهُ عَلَى كُلِّ شَيْءٍ مُقْتَدِرًا(الكهف)**

**اعْلَمُوا أَنَّمَا الْحَيَاةُ الدُّنْيَا لَعِبٌ وَلَهْوٌ وَزِينَةٌ وَتَفَاخُرٌ بَيْنَكُمْ وَتَكَاثُرٌ فِي الْأَمْوَالِ وَالْأَوْلَادِ كَمَثَلِ غَيْثٍ أَعْجَبَ الْكُفَّارَ نَبَاتُهُ ثُمَّ يَهِيجُ فَتَرَاهُ مُصْفَرًّا ثُمَّ يَكُونُ حُطَامًا وَفِي الْآخِرَةِ عَذَابٌ شَدِيدٌ وَمَغْفِرَةٌ مِنَ اللَّهِ وَرِضْوَانٌ وَمَا الْحَيَاةُ الدُّنْيَا إِلَّا مَتَاعُ الْغُرُورِ(الحديد)**

അതുപോലെ മാനവവംശത്തിന്റെ നിസ്സഹായതയെ പറ്റി ഖുർആൻ വിളംബരം ചെയ്യുന്നു.

**يُرِيدُ اللَّهُ أَنْ يُخَفِّفَ عَنْكُمْ وَخُلِقَ الْإِنْسَانُ ضَعِيفًا (النساء)**

**أَيَحْسَبُ الْإِنْسَانُ أَنْ يُتْرَكَ سُدًى أَلَمْ يَكُ نُطْفَةً مِنْ مَنِيٍّ يُمْنَى ثُمَّ كَانَ عَلَقَةً فَخَلَقَ فَسَوَّى(القيامة)**

ഒരിക്കൽ പ്രവാചകൻ (സ) ഒന്നുരണ്ട് ആയത്തുകൾ ഓതി അവിടത്തെ കയ്യിൽ തുപ്പിയെത്രേ!

**عَنْ بُسْرِ بْنِ جَحَّاشٍ الْقُرَشِيِّ ، قَالَ : تَلاَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ هَذِهِ الآيَةَ {فَمَالِ لِلَّذِينَ كَفَرُوا قِبَلَكَ مُهْطِعِينَ عَنِ الْيَمِينِ ، وَعَنِ الشِّمَالِ عِزِينَ أَيَطْمَعُ كُلُّ امْرِئٍ مِنْهُمْ أَنْ يُدْخَلَ جَنَّةَ نَعِيمٍ كَلاَّ إِنَّا خَلَقْنَاهُمْ مِمَّا يَعْلَمُونَ} ، ثُمَّ بَزَقَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ عَلَى كَفِّهِ فَقَالَ : يَقُولُ اللَّهُ : يَا ابْنَ آدَمَ أَنَّى تُعْجِزُنِي وَقَدْ خَلَقْتُكَ مِنْ مِثْلِ هَذِهِ حَتَّى إِذَا سَوَّيْتُكَ وَعَدَلْتُكَ مَشَيْتَ بَيْنَ بُرْدَتَيْنِ وَلِلأَرْضِ مِنْكَ وَئِيدٌ يَعْنِي شَكْوَى فَجَمَعْتَ وَمَنَعْتَ حَتَّى إِذَا بَلَغَتِ التَّرَاقِيَ قُلْتَ : أَتَصَدَّقُ وَأَنَّى أَوَانُ الصَّدَقَةِ (حاكم)**

എന്നാൽ, ദൗർഭാഗ്യവശാൽ ഇത്തരം കാര്യങ്ങളെ കുറിച്ചെല്ലാം പൊതുവെ ആളുകൾ അശ്രദ്ധരാണ്. നിങ്ങൾ പരിശോധിച്ചു നോക്കൂ – വിശ്വാസികളോ അവിശ്വാസികളോ ആവട്ടെ – നമ്മുടെ കൂട്ടത്തിലെ ബഹുഭൂരിഭാഗം പേരും അവരനുഭവിക്കുന്ന സുഖങ്ങളിൽ ആസക്തരും അവ എന്നെന്നും നിലനിൽക്കുമെന്ന് വിശ്വസിക്കുന്നവരുമാണ്. നമ്മുടെ നാടുകളിൽ ഉയർന്ന് കൊണ്ടിരിക്കുന്ന മണിമാളികകൾ, ഷോപ്പിംഗ് മാളുകൾ, ആഢംബരോപകരണങ്ങൾ, കൊട്ടാര സമാനമായ മന്ദിരങ്ങൾ മുതലായവ ഇതിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങളാണല്ലോ. ഇനി വല്ലവർക്കും ബോധോദയം വരികയാണെങ്കിൽ തന്നെ അത് ജീവിതത്തിന്റെ അവസാന സമയത്തോ മറ്റോ ആയിരിക്കുകയും ചെയ്യും. ഇസ്ലാമിലെ അഞ്ചാമത്തെ ഖലീഫ ആണല്ലോ മഹാനായ മുആവിയ(റ). വഫാതിന്റെ വേളയിൽ മഹാൻ പറഞ്ഞത്രേ!

**ليتنى كنت رجلا من قريش بذي طوى ، وأني لم أل من هذا الأمر شيئا**

അതുപോലെ അബ്ദുൽ മലിക് ബിൻ മർവാൻ:

**HADIA CSE Khutba Notes (14.02.2020)**

കൊറോണയെ വിശ്വാസികൾ എങ്ങനെ വായിക്കണം?

**لما حضرت عبد الملك بن مروان الوفاة ، نظر إلى غسال بجانب دمشق يلوي ثوبا بيده ثم يضرب به المغسلة ، فقال عبد الملك : والله ليتني كنت غسالا  أكلي كسب يدي يوما بيوم ، وقال**

**عبد الملك بن مروان في مرضه : « والله لوددت أني عبد لرجل من تهامة أرعى غنيمات في جبالها وأني لم أل »**

ചുരുക്കത്തിൽ ഇങ്ങനെയാണ് മനുഷ്യന്റെ പൊതുവായ അവസ്ഥ. അതുകൊണ്ട് തന്നെ ഭൗതിക ജീവിതത്തിന്റെ മേൽപറഞ്ഞ ക്ഷണികത ബോധ്യപ്പെടുത്താൻ ചില ചില സന്ദർഭങ്ങൾ അല്ലാഹു മനുഷ്യർക്ക് നൽകും. അത് ചിലപ്പോൾ മാറാവ്യാധികളുടെയോ പ്രകൃതിദുരന്തങ്ങളുടെയോ രൂപത്തിൽ ആവാം. അത്തരത്തിൽ പെട്ട ഒരു ഓർമപ്പെടുത്തലാണ് ചൈനയിൽ പൊട്ടിപ്പുറപ്പെട്ടിരിക്കുന്ന മാരകമായ കൊറോണ വൈറസ് രോഗം. ചിന്തിച്ച് നോക്കൂ, ലോകത്തിലെ മികച്ച സാമ്പത്തിക ശക്തിയും വലിയ രാജ്യവും ഉൽപാദന ക്ഷമവും സാങ്കേതിക പ്രബുദ്ധവും ആയ ചൈനയാണ് ഇന്ന് നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയാത്ത ഒരു വൈറസിന്റെ മുമ്പിൽ പകച്ചു നിൽക്കുന്നത്! ഖുർആനിലെ നഹ്ൽ 112 ണ്ടാമത് വചനം ചൈനയെ അപ്പടി വർണിച്ചതു പോലെ തോന്നിപ്പോവുന്നു.

**وَضَرَبَ اللَّهُ مَثَلًا قَرْيَةً كَانَتْ آمِنَةً مُطْمَئِنَّةً يَأْتِيهَا رِزْقُهَا رَغَدًا مِنْ كُلِّ مَكَانٍ فَكَفَرَتْ بِأَنْعُمِ اللَّهِ فَأَذَاقَهَا اللَّهُ لِبَاسَ الْجُوعِ وَالْخَوْفِ بِمَا كَانُوا يَصْنَعُونَ.**

ഇതിലെ ചില പ്രത്യേക പരാമർശങ്ങൾ നോക്കൂ; ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും വിഭവങ്ങളും വരുമാനങ്ങളും എത്തുന്ന നാട് (ഇന്ന് ചൈനയുടെ നിർമിതികൾ വിൽക്കപ്പെടാത്ത പ്രദേശങ്ങളില്ല.), ദാരിദ്ര്യവും (ഇന്ന് ചൈനയിലേക്ക് പോകുന്നതിൽ നിന്ന് മിക്കരാജ്യങ്ങളും അവരുടെ പൗരൻമാരെ വിലക്കിയിരിക്കുന്നു.) ഭയവും കൊണ്ടുള്ള പരീക്ഷണം (കൊറോണ വ്യാപിക്കും എന്ന് പേടിച്ച് ചൈനീസ് നഗര-ഗ്രാമങ്ങൾ ശൂന്യവും അവിടത്തെ രോഗികളെ വീട്ടകങ്ങളിൽ പൂട്ടി ബന്ധിച്ചിരിക്കുകയുമാണ്.). വിശ്വാസികളായ നമ്മൾ ഇത്തരം സംഭവവികാസങ്ങളിൽ നിന്ന് തിരിച്ചറിയുക, ഇത്രയൊക്കെയേ ഉള്ളൂ ഐഹിക ജീവിതം. ഒരു ഹദീസ് ശ്രദ്ധിച്ച് നോക്കൂ,

**عن ابن عمر قال : قال لى على بن أبى طالب ألا أحدثك حديثا حدثنى به رسول الله  - صلى الله عليه وسلم -  فأنت له أهل قلت : بلى ، قال حدثنى رسول الله  - ﷺ -  عن جبريل عن ربه أنه قال : ما من قوم يكونون فى حبرة إلا استتبعها عبرة وكل نعيم زائل إلا نعيم أهل الجنة... (كنزالعمال) ( حبرة : الحبرة بالفتح : النعمة وسعة العيش وكذلك الحبور)**

സമാനമായ ആശയം സഹീഹ് ബുഖാരി ഉദ്ധരിക്കുന്ന മറ്റൊരു തിരുവചനത്തിലും കാണാം.

**أبو هريرة - رضي الله عنه - قال : قال رسول الله -ﷺ- : «أَصْدَقُ كلمةٍ قالها شاعر كلمةُ لَبِيد» : «ألا كُلُّ شيء ما خَلا الله باطل»**

കൂട്ടത്തിൽ ഒരു കാര്യവും കൂടി പറയട്ടെ, ചൈന ഒരു നിരീശ്വര-നിർമത രാജ്യമായത് കൊണ്ട് ഇപ്പോഴത്തെ അവരുടെ അവസ്ഥയിൽ സന്തോഷം പ്രകടിപ്പിക്കുന്ന അപൂർവം ചിലർ നമ്മളിലുണ്ട്. അത് ഒരിക്കലും ശരിയല്ല. 4 കോടി വിശ്വാസികൾ ഉള്ള രാജ്യമാണ് ചൈന. ചൈന തകർന്നാൽ ലോകത്തെ നിരവധി നിത്യോപയോഗ വസ്തുക്കളുടെ വില കുതിച്ചുയരും. നമ്മുടെയെല്ലാം ഗ്രാമങ്ങളിൽ ചൈനീസ് ഉൽപന്നങ്ങൾ വിൽക്കുന്ന പതിനായിരങ്ങൾ ഉണ്ട്. അവർ പട്ടിണിയിലാകും. അതുകൊണ്ട് കൊറോണ പോലുള്ള രോഗങ്ങൾ ഒരു നാട്ടിലും വരാതിരിക്കാൻ നമ്മൾ ദുആ ചെയ്യുക. അല്ലാതെ സന്തോഷിക്കുകയല്ല വേണ്ടത്. അതാണ് ഒരു മുസ്ലിമിന്റെ സംസ്കാരം (സൂറ മുഅമിൻ 96). അതുകൊണ്ടാണല്ലോ തന്നെ പുറത്താക്കിയ

**HADIA CSE Khutba Notes (14.02.2020)**

കൊറോണയെ വിശ്വാസികൾ എങ്ങനെ വായിക്കണം?

മക്കയിൽ ക്ഷാമം പിടിപെട്ടു എന്നറിഞ്ഞ തിരുമേനി(സ) അതിൽ സന്തോഷം പ്രകടിപ്പിക്കാതെ 500 ദീനാർ ശേഖരിച്ച് അബൂ സുഫിയാന് അയച്ച് കൊടുത്തത്. അല്ലെങ്കിലും ദിവസവും നിരവധിവട്ടം ബിസ്മി ഓതുന്ന നമുക്ക് എങ്ങനെ ശത്രുക്കളുടെ പതനത്തിൽ സന്തോഷിക്കാൻ കഴിയും?! അതിൽ അല്ലാഹുവിനെ റഹ്മാൻ (വഴിപ്പെട്ടവർക്കും അല്ലാത്തവർക്കും ഒരുപോലെ ഗുണം ചെയ്യുന്നവൻ.) എന്നാണല്ലോ നാം വിളിക്കുന്നത്.

**ഖുതുബ നോട്ട്സ്**
**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

+91 94964 45823